LIBRARY ARCHIVES Kerala Legislative Assembly

## റെയിൽ, ധനകാര്യ ബഡ്ജറ്റുകൾ അവതരിപ്പിച്ചതിനുശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെ ഡൽഹി യാത്ര

40 (40) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്റിൽ റെയിൽവേ ബഡ്ജറ്റും ധനകാര്യ ബഡ്ജറ്റും അവതരിപ്പിച്ചതിനുശേഷം കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ പോയ സംഘത്തിൽ എത്ര മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ഉണ്ടായിരുന്നു ;

(ബി) പ്രസ്തുത സന്ദർശനത്തിന് മുഖ്യമന്ത്രി, മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ തുടങ്ങി എല്ലാവർക്കുമായി യാത്രാപ്പടി, ഡി.എ., വിമാന യാത്രാക്കൂലി, അക്കോമഡേഷൻ തുടങ്ങി എന്തെല്ലാം ഇനത്തിൽ എന്തു തുക സംസ്ഥാന ഖജനാവിൽനിന്നും ചെലവാകുമെന്ന് വെളിപ്പെടുത്തുമോ ;

(സി) സംഘത്തിന്റെ പ്രസ്തുത യാത്രയ്ക്കുശേഷം സംസ്ഥാനത്തിന് ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് പുതുതായി പാർലമെന്റിൽ പ്രഖ്യാപിക്കപ്പെട്ട നേട്ടങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ ?

**ഉത്തരം**

(എ) മുഖ്യമന്ത്രിയടക്കം എട്ട് മന്ത്രിമാരും ചീഫ് സെക്രട്ടറിയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമടക്കം 15 അംഗങ്ങൾ സംഘത്തിലുണ്ടായിരുന്നു.

(ബി) അവരവരുടെ റ്റി.എ./ഡി.എ. ക്ലെയിം ചെയ്ത് അത് അനുവദിക്കുമ്പോൾ മാത്രമേ എത്ര രൂപ ചെലവായിയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

(സി) ഇതുസംബന്ധിച്ച അന്തിമ പ്രഖ്യാപനങ്ങൾ പാർലമെന്റിൽ ബഡ്ജറ്റ് പ്രസംഗത്തിനുള്ള മറുപടിയിൽ പ്രതീക്ഷിക്കുന്നു. 13-3-2013-ന് റെയിൽ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ, കേന്ദ്ര റെയിൽവേ മന്ത്രി കേരളത്തിന് പുതുതായി 4 തീവണ്ടികൾ പ്രഖ്യാപിച്ചു. കൂടാതെ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രതിവാര തീവണ്ടികളായ കൊച്ചുവേളി-ലോകമാന്യതിലക് എക്സ്പ്രസ്സ്, കോഴിക്കോട്, പാലക്കാട് വഴിയുള്ള കാമാഖ്യഗുഡ-മംഗലാപുരം എന്നിവ ആഴ്ചയിൽ രണ്ടുതവണയാക്കിയും തിരുവനന്തപുരം-കോഴിക്കോട് ജനശതാബ്ധി കണ്ണൂർ വരെയും കോഴിക്കോട്-ഷൊർണ്ണൂർ പാസഞ്ചർ തൃശ്ശൂർ വരെയും നീട്ടിക്കൊണ്ട് റെയിൽവേ മന്ത്രി പ്രഖ്യാപനം നടത്തുകയുണ്ടായി. അതോടൊപ്പം പാലക്കാട് കോച്ച് ഫാക്ടറി നടപ്പാക്കുന്നകാര്യം മന്ത്രി ഉറപ്പ് നൽകുകയും ചെയ്തു. അതോടൊപ്പം കൊച്ചി-മധുര പാതയ്ക്കും നഞ്ചൻകോട്-നിലമ്പൂർ പാതയ്ക്കും സർവ്വേ നടപടി ത്വരിതപ്പെടുത്തുമെന്നും മന്ത്രി ലോക്സഭയിൽ അറിയിക്കുകയുണ്ടായി. വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ ഇപ്പോൾ 62.61 കോടി രൂപ അനുവദിച്ച് പ്രഖ്യാപനമായിട്ടുണ്ട്.